Page 1 of 1

സമഗ്ര വികസനത്തിനായി ഓരോ ഗ്രാമത്തിനും 2 കോടി രൂപവീതം സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ചാലിൽഗോപാലപ്പെട്ട ഗ്രാമത്തിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയങ്ങാടി പോലുള്ള മറ്റ് മത്സ്യഗ്രാമങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഭാവിയിൽ പരിശോധിക്കുന്നതാണ്. ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിച്ചതു പോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനവധി ഗ്രാമങ്ങളുടെ പേര് അയച്ചുവെങ്കിലും വ്യക്തമായ ഒരു തീരുമാനമെടുത്തിരുന്നില്ല.

## VII ക്രമപ്രശ്നം

### എ.ഡി.ജി.പി.യുടെ അന്വേഷണ റിപ്പോർട്ട്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾ 96 പ്രകാരം മേശപ്പുറത്തു വയ്ക്കുന്ന കടലാസുകളുടെ നടപടിക്രമങ്ങളുടെ ഭാഗമായി ഇന്നലെ

12.09.PM] ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എ.ഡി.ജി.പി-യുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവച്ചു. ആ റിപ്പോർട്ടിൽ എൻക്ലോഷേഴ്സായിട്ട് പറഞ്ഞ വീഡിയോ സി.ഡി, ടെലികാസ്റ്റ് ബൈ ന്യൂസ് ചാനൽ, വീഡിയോ സി.ഡി റിക്കോർഡഡ് ബൈ പോലീസ്, ഫോട്ടോ ഗ്രാഫ്സ് എന്നിവ ആ സമയത്ത് ഉൾപ്പെടുത്തിയിരുന്നില്ല. ഇന്നലെ വൈകുന്നേരമാണ് ലൈബ്രറിയിൽ ഇതിന്റെ കോപ്പി കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് ഇതിന്റെ പകർപ്പ് ഞങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. എങ്കിൽ മാത്രമേ മറ്റുകാര്യങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്താൻ ഞങ്ങൾക്ക് സാധിക്കുകയുള്ളൂ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ മേശപ്പുറത്ത് വയ്ക്കുമെന്ന് പറഞ്ഞ എല്ലാ

12.10.PM] ഡോക്യുമെന്റ്സും വച്ചിട്ടുണ്ട്. അത് നിയമപരമായി തന്നെ സ്പീക്കറുടെ ഓഫീസിൽ വാങ്ങിയിട്ടുമുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നതാണ്.

### റൂളിംഗ്

മി. സ്പീക്കർ: അത് ലൈബ്രറിയിലുണ്ട്. പാർലമെന്ററി പാർട്ടി ഓഫീസിൽ വരികയും അതിന്റെ കോപ്പിയെടുത്ത് കൊടുക്കുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചാൽ മതി. ഏതെങ്കിലും കാര്യത്തിൽ വീഴ്ച വരികയാണെങ്കിൽ പരിശോധിക്കാവുന്നതേയുള്ളൂ. ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്. അത് സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റ് ആക്ട് ചെയ്യുകയും ചെയ്തു. ലൈബ്രറിയിൽ അത് ഉണ്ട്. അത് on the way ആണ്.

LIBRARY ARCHIVES Kerala Legislative Assembly